**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 244** **07-06-2021 - ൽ മറുപടിയ്ക്ക്**

**കേരളത്തിലെ കോവിഡ് മരണങ്ങളുടെ കണക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. ടി. ജെ. വിനോദ്** | | **Smt Veena George<br>(ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കോവിഡ് മരണം കണക്കാക്കുന്നത് ഏത് പ്രോട്ടോക്കോളിന്റെ അടിസ്ഥാനത്തിലാണ് എന്ന് വിശദമാക്കാമോ; | (എ) | കോവിഡ് മരണം കണക്കാക്കുന്നത് സംബന്ധിച്ച അന്തർദേശീയ മാനദണ്ഡങ്ങൾ അനുസരിച്ചാണ് സംസ്ഥാനത്തും കോവിഡ് മരണങ്ങൾ കണക്കാക്കുന്നത്. WHO യുടെ അംഗീകാരമുള്ള 'International Guidelines for Certification and Classification (Coding) of Covid 19 As Cause of Death' എന്ന അന്താരാഷ്ട്ര ഗൈഡ്‌ലൈൻ അനുസരിച്ചാണ് സംസ്ഥാനത്തും കോവിഡ് മരണം സ്ഥിരീകരിക്കുന്നത്. International Statistical Classification of Diseases അടിസ്ഥാനമാക്കിയുള്ളതാണ് ഈ ഗൈഡ്‌ലൈൻ. ഇതനുസരിച്ച് കോവിഡ് രോഗം മൂർച്ഛിച്ച് അനുമൂലം അവയവങ്ങളെ ബാധിച്ച് ഗുരുതരാവസ്ഥയിലെത്തി മരണമടയുന്നതിനെ മാത്രമേ കോവിഡ് മരണത്തിന്റെ വിഭാഗത്തിൽ ഉൾപ്പെടുത്താൻ കഴിയുകയുള്ളൂ. |
| (ബി) | കേരളത്തിൽ അവലംബിക്കുന്ന മാനദണ്ഡങ്ങൾ അന്താരാഷ്ട്ര മാനദണ്ഡങ്ങൾക്ക് അനുസൃതമാണോ എന്ന് വ്യക്തമാക്കാമോ; | (ബി) | കോവിഡ് മരണം കണക്കാക്കുന്നത് സംബന്ധിച്ച അന്തർദേശീയ മാനദണ്ഡങ്ങൾ അനുസരിച്ചാണ് സംസ്ഥാനത്തും കോവിഡ് മരണങ്ങൾ കണക്കാക്കുന്നത്. WHO യുടെ അംഗീകാരമുള്ള 'International Guidelines for Certification and Classification (Coding) of Covid 19 As Cause of Death' എന്ന അന്താരാഷ്ട്ര ഗൈഡ്‌ലൈൻ അനുസരിച്ചാണ് സംസ്ഥാനത്തും കോവിഡ് മരണം സ്ഥിരീകരിക്കുന്നത്. International Statistical Classification of Diseases അടിസ്ഥാനമാക്കിയുള്ളതാണ് ഈ ഗൈഡ്‌ലൈൻ. ഇതനുസരിച്ച് കോവിഡ് രോഗം മൂർച്ഛിച്ച് അനുമൂലം അവയവങ്ങളെ ബാധിച്ച് ഗുരുതരാവസ്ഥയിലെത്തി മരണമടയുന്നതിനെ മാത്രമേ കോവിഡ് |

| | | | |
|---|---|---|---|
| | | | മരണത്തിന്റെ വിഭാഗത്തിൽ ഉൾപ്പെടുത്താൻ കഴിയുകയുള്ളൂ. |
| (സി) | കോവിഡ് നെഗറ്റീവ് ആയ ശേഷം പോസ്റ്റ് കോവിഡ് രോഗങ്ങളാൽ മരണമടയുന്ന വ്യക്തികളുടെ കണക്കുകൾ സർക്കാർ സൂക്ഷിക്കുന്നുണ്ടോ; ഇതിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും പഠനങ്ങൾ സംസ്ഥാന സർക്കാർ നടത്തുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | (സി) | കോവിഡ് രോഗം വന്ന് നെഗറ്റീവ് ആയ രോഗികൾക്ക് മറ്റു പല രോഗങ്ങളും പിന്നീട് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവയെ Post Covid Syndrome എന്ന് വിശേഷിപ്പിക്കുകയും ഇവ കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനും വേണ്ടി പ്രാഥമികാരോഗ്യകേന്ദ്രം മുതൽ ജില്ലാ/ജനറൽ ആശുപത്രിതലം വരെ Post Covid Clinic കൾ ആരോഗ്യ പ്രവർത്തകരുടെ സഹായത്തോടെ പി.എച്ച്.സി.കളിൽ പ്രവർത്തിച്ചുവരുന്ന പോസ്റ്റ് കോവിഡ് ക്ലിനിക്കുകളിൽ രജിസ്റ്റർ ചെയ്യുകയും പി.എച്ച്.സി തലത്തിൽ ചികിത്സിച്ച് ഭേദമാക്കാൻ കഴിയുന്നവ അവിടെതന്നെ ചികിത്സിക്കുകയും ചെയ്യുന്നു. തുടർ ചികിത്സ ആവശ്യമുള്ള രോഗികളെ താലൂക്ക് തലത്തിലോ, ജില്ലാ തലത്തിലോ പ്രവർത്തിക്കുന്ന സ്പെഷ്യാലിറ്റി ക്ലിനിക്കുകളിലേയ്ക്ക് റഫർ ചെയ്യുകയും സ്പെഷ്യലിസ്റ്റ് ചികിത്സ ഉറപ്പാക്കുകയും ചെയ്യുന്നു. തീവ്ര പരിചരണം ആവശ്യമുള്ളവരെ മെഡിക്കൽ കോളേജ് ആശുപത്രികളിൽ ഉള്ള Post Covid Clinic- കളിൽ റഫർ ചെയ്യുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. എന്നാൽ കോവിഡ് മുക്തരായ ശേഷം ഉണ്ടാകുന്ന മരണങ്ങൾ പോസ്റ്റ് കോവിഡ് ക്ലിനിക്കുകളിൽ റിപ്പോർട്ട് ചെയ്യപ്പെടാറില്ല. അതുകൊണ്ടു തന്നെ കോവിഡ് മുക്തരായശേഷം നടന്നിട്ടുള്ള മരണങ്ങളുടെ കണക്കുകൾ നോൺ കോവിഡ് മരണങ്ങളുടെ കൂട്ടത്തിലാണ് ഉൾപ്പെടുത്തുന്നത്. |

സെക്ഷൻ ഓഫീസർ